**No.CEE/4050/2016/KEAM-2017/TA1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# പത്രക്കുറിപ്പ്

# കേരള എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷ-2017

സംസ്ഥാനത്ത് ഇന്നു നടന്ന എഞ്ചിനീയറിംഗ് രണ്ടാം പേപ്പർ (മാത്തമാറ്റിക്സ്) പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന **1,06,264** പേരിൽ **90,645** പേർ **(85.3 %)** ഹാജരായി. ഇതോടെ സംസ്ഥാനത്തെ ഈ വർഷത്തെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ അവസാനിച്ചു

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പ്രവേശനം, എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിലെ സ്കോറിനും യോഗ്യതാപരീക്ഷയിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ ലഭിച്ച മാർക്കിനും തുല്യപ്രാധാന്യം നൽകിക്കൊണ്ട് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. എം.ബി.ബി.എസ്., ബി.ഡി.എസ്. ഉൾപ്പെടെയുള്ള മെഡിക്കൽ/ അനുബന്ധ കോഴ്സുകളി ലേയ്ക്കുള്ള പ്രവേശനം സി.ബി.എസ്.ഇ നടത്തുന്ന നീറ്റ് പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും. കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം, ഫാം.ഡി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ 1 (ഫിസിക്സ് & കെമിസ്ട്രി)–ന്റെ സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും. സംസ്ഥാനത്തെ ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള പ്രവേശനം നാറ്റാ സ്കോറിനും പ്ലസ് ടു മാർക്കിനും തുല്യ പ്രാധാന്യം നൽകി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും.

തിരുവനന്തപുരം
25.04.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**